# AMRITA VIDYALAYAM

## HALF YEARLY EXAMINATION 2018 -'19

**Class : V** **Marks : 50**
**Time : 2 hrs**

# മലയാളം

## CREATIVE WRITING

**I. വിദ്യാർത്ഥികളും ഗ്രന്ഥപാരായണവും എന്ന വിഷയത്തെ കുറിച്ച് ഖണ്ഡിക എഴുതുക.** **5**

**II. ആശയം വിപുലീകരിക്കുക.** **5**

"ആശിച്ചാൽ പോര യാതൊന്നും
ആർജ്ജിക്കാൻ ഉദ്യമിക്കണം"

## GRAMMAR

**III. അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക.** **2**

1. ശക്തിയായ ഇടിയും മിന്നലും ഉണ്ടായപ്പോൾ വൈദ്യുതി നിലച്ചു.
2. വേനൽ കഠിനമായപ്പോൾ കുടിവെള്ളക്ഷാമം ഉണ്ടായി.

**IV. പിരിച്ചെഴുതുക.** **2**

1. വിശാലമായ 2. ജനതയെ

**V. വിഗ്രഹിച്ചെഴുതുക.** **1**

അരുണപ്രഭാതം

## SPELLING

**VI. പൂരിപ്പിക്കുക.** **4**

1. അ__ൽ 2. ച__രൻ 3. ശി__രം 4. രോ__നം

## VII. തെറ്റുതിരുത്തുക. 3

1. ദശമുകം 2. ഇദിഹാസം 3. അനാജാരങ്ങൾ

## VIII. അക്ഷരം ക്രമീകരിച്ചെഴുതുക. 3

1. കാ/വ/ർ/ണ/ഥ/ഗാ/ർ 2. ജ/യ/കീ/ന/വി/ക
3. പ്രാ/വേ/ന/ദ/ണ

# VOCABULARY

## IX. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരെഞ്ഞെടുത്ത് എഴുതുക. 2

(കൈകൾ, വെണ്ണ, അടയാളം, സ്വർണ്ണം)

1. ഉണ്ണിക്കണ്ണന് നവനീതം വളരെ പ്രിയപ്പെട്ടതായിരുന്നു.
2. കനകം സ്വന്തമാക്കാൻ ആഗ്രഹിക്കാത്തവർ ഉണ്ടാകുമോ
3. രാവണന്റെ ഹസ്തങ്ങളിൽ ആയുധങ്ങൾ ഉണ്ടായിരുന്നു.
4. സമാധാനത്തിന്റെ പ്രതീകമായ പക്ഷിയാണ് പ്രാവ്.

## X. വിപരീതപദങ്ങൾ എഴുതുക. 1

1. ചിരിയും———ജീവിതത്തിന്റെ ഭാഗമാണ്.
2. പ്രഭാതവും————മാറിമാറി വരും.

## XI. പര്യായപദങ്ങൾ എഴുതുക. 4

1. വാഴ 2. രാജാവ് 3. തേര് 4. യുദ്ധം

## XII. നാനാർത്ഥപദങ്ങൾ എഴുതുക. 2

1. മതി 2. കരം

## XIII. വാക്യത്തിൽ പ്രയോഗിക്കുക. 1

നിശിതമായി വിമർശിക്കുക.

# LITERATURE

## XIV. ഉത്തരമെഴുതുക. 10

1. മലയാളഭാഷയെ പാവനശീലയാക്കാൻ പ്രയത്നിച്ചവർ ആരെല്ലാം? എങ്ങനെയാണവർ പ്രയത്നിച്ചത്?

2. കുഞ്ചൻ നമ്പ്യാരെ കവിത ചാട്ടവാറാക്കിയ കവി എന്ന് വാഴ്ത്തിപ്പാടിയതെന്തുകൊണ്ട്?
3. സഡാക്കോയുടെ ജീവിതലക്ഷ്യം എന്തായിരുന്നു?
4. കിളിപ്പാട്ട് എന്നാലെന്ത്?
5. 'ഒരു പടപ്പുറപ്പാട്' എന്ന കവിതയിലെ നാലു വരികൾ എഴുതുക.

## HANDWRITING

**XV. പകർത്തിയെഴുതുക.** **5**

കേരളത്തിൽ ഒരു കാലത്ത് നിലനിന്നിരുന്ന നാടോടി സംസ്കാരത്തിന്റെ ബാക്കി പത്രങ്ങളാണ് നാടോടിപ്പാട്ടുകൾ. നമ്മുടെ നാടൻപാട്ടുകൾ മലയാളഭാഷയുടെ ശ്രേഷ്ഠതയെയാണ് വെളിവാക്കുന്നത്. ഏതൊരു കവിയുടെയും സഹൃദയന്റെയും സർഗ്ഗോന്മുഖമായ പ്രതിഭ സ്വന്തം ഭാഷയുടെ ജീനിയസ്സുമായി അഭിരമിക്കണം.